# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 15 No. 9 | PUBLISHED FROM DELHI | PRICE Rs. 3/- | SEPTEMBER 2011

## ഇംഗ്ലീഷ്-ഹിന്ദി ഭാഷകളിൽ ആരാധന ആരംഭിച്ചു

ന്യൂഡൽഹി: കാൽക്കാജി ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ ഇംഗീഷ് ഹിന്ദി ഭാഷകളിലുള്ള ആരാധനയ്ക്ക് തുടക്കം.ആഗസ്റ്റ് 14 ഞയറാഴ്ച വൈകിട്ട് 5 മണിക്ക് പാസ്റ്റർ ഇ. എം. രമേശിന്റെ അദ്ധ്യക്ഷതയിൽ നടന്ന ആദ്യ ആരാധന ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി ഉദ്ഘാടനം ചെയ്തു. റോമർ1,2 അദ്ധ്യായങ്ങളെ ആസ്പദമാക്കി ഒരു നല്ല സഭയുടെ ഗുണഗണങ്ങളെകുറിച്ച് അദ്ധ്യക്ഷ പ്രസംഗത്തിൽ പാസ്റ്റർ രമേശ് പ്രതിപാദിച്ചു. ഒരു യഥാർത്ഥ സഭപിതാവായദൈവത്തിന്റെ കൃപയും ക്രിസ്തുവിന്റെ സമാധാനവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിരന്തരം അനുഭവിച്ചറിയുന്ന സഭയായിരിക്കണം; വിവിധ ആത്മീയ വരങ്ങളാൽ നിറയപ്പെടേണം. അദ്ദേഹം കൂട്ടിച്ചേർത്തു.

ഉദ്ഘാടനത്തോടനുബന്ധിച്ച് പാസ്റ്റർ എം. സാമുവൽകുട്ടി ആരാധന എന്ന വിഷയത്തെക്കുറിച്ച് അനുഗ്രഹപ്രദമായ സന്ദേശം നൽകി. യോഹന്നാന്റെ സുവിശേഷം 4-ാം അദ്ധ്യായത്തിൽ യേശുക്രിസ്തുവും ശമര്യക്കാരി സ്ത്രീയും തമ്മിലുള്ള സംഭാഷണത്തെ ആധാരമാക്കി, വർത്തമാനകാലത്തിൽ ജീവിക്കുന്നതിന്റെ പ്രസക്തി ആരാധനയെ എങ്ങനെ രൂപപ്പെടുത്തുന്നു എന്ന് അദ്ദേഹം വ്യക്തമാക്കി. ശമര്യക്കാരി ഭൂതകാലത്തെക്കുറിച്ചും(യാക്കോബിന്റെ കിണർ) ഭാവികാലത്തെക്കുറിച്ചും (പുനരുത്ഥാനം) പരാമർശിക്കുമ്പോൾ യേശു ആ സ്ത്രീയോട് അവരുടെ വർത്തമാനകാല ജീവിതത്തിൽ വരുത്തേണ്ട ക്രമീകരണത്തെക്കുറിച്ച് സൂചിപ്പിക്കുന്നു. ഭൂതകാലജീവിതം കഴിഞ്ഞു പോയതാകയാൽ അതിനെ മാറ്റാൻ സാധ്യമല്ല; ഭാവി വരാനിരിക്കുന്നതേയുള്ളു; പക്ഷേ, വർത്തമാനകാല ജീവിതം ഭാവി ജീവിതത്തെ തീർച്ചയായും സ്വാധീനിക്കുന്നു. വർത്തമാനകാലത്തിൽ ആത്മാവിലും സത്യത്തിലും ആരാധിക്കുന്നവർക്ക് ശ്രേഷ്ഠമായ പുനരുത്ഥാനം ലഭ്യമാകും, പാസ്റ്റർ സാമുവൽകുട്ടി വിശദീകരിച്ചു.

സഹോദരി സോണിയാ സാമുവൽ സന്ദേശം ഹിന്ദിയിലേക്ക് പരിഭാഷപ്പെടുത്തി. ഐ.പി.സി. മറ്റെക്കര (പാമ്പാടി) സഭാശുശ്രൂഷകൻ പാസ്റ്റർ ഒ. പി. ജോയി ആശംസ അറിയിച്ചു. ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് പാസ്റ്റർ ബിനോയി പി. ജോൺ സ്വാഗതവും സഭാ സെക്രട്ടറി ബ്രദർ ശീലാസ് സാമുവൽ നന്ദിയും അറിയിച്ചു. എല്ലാ ഞയറാഴ്ചയും വൈകിട്ട് അഞ്ച് മണിമുതൽ നടക്കുന്ന ഇംഗീഷ് ഹിന്ദി ആരാധനയിലേക്ക് എവരേയും സ്വാഗതം ചെയ്യുന്നു.



*പാസ്റ്റർ എം. സാമുവൽകുട്ടി പ്രസംഗിക്കുന്നു, പരിഭാഷ: സോണിയാ സാമുവൽ.*

## സ്വാതന്ത്ര്യദിന സന്ദേശ സുവിശേഷ റാലി



അടൂർ: ഭാരതത്തിന്റെ 65-ാം സ്വാതന്ത്ര്യ ദിനത്തിൽ ഫെയ്ത്ത് ഫെലോഷിപ്പ് സഭയുടെ പുത്രികാസംഘടനയായ ഫെയ്ത്ത് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിന സന്ദേശ സുവിശേഷ ബൈക്ക് റാലി നടത്തപ്പെട്ടു. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിൽ നിന്നും രാവിലെ 9 മണിക്ക് എഫ്.എഫ്.സി. സെന്റർ സെക്രട്ടറി പാസ്റ്റർ ഡി. ജോൺ, പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്ത റാലി എഫ്.സി.വൈ.എം. പ്രസിഡന്റ് പാസ്റ്റർ സുമേഷ് പി. ലാസർ ഫ്ളാഗ് ഓഫ് ചെയ്തു. തുടർന്നു കൊടുമൺ, പറക്കോട്, വടക്കടത്തുകാവ്, അന്തിച്ചിറ, മാഞ്ഞാലി, ഐവർകാല, കടമ്പനാട്, നെല്ലിമുകൾ, പഴകുളം, അടൂർ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ച് സുവിശേഷം പങ്കുവെച്ചു. വിവിധ സ്ഥലങ്ങളിൽ കർത്തൃദാസന്മാരായ പാസ്റ്റർ ഡി. ജോൺ, എബി ജോർജ്ജ്, റ്റി. പി. രാജു, ഡി.ലാസർ, വിനോദ്.കെ, സുമേഷ് പി. ലാസർ, എബി എം. ജോൺ തുടങ്ങിയവർ ദൈവവചനത്തിൽ നിന്നും സംസാരിച്ചു. വിവിധ സഭകളിൽ നിന്നും നിരവധി യുവാക്കന്മാർ ഈ റാലിയിൽ അണിചേർന്നു. എഫ്.എഫ്.സി. കേരളാ റീജൻ സെക്രട്ടറി പാസ്റ്റർ ഡി. ജോൺ, എഫ്.സി.വൈ.എം. പ്രസിഡന്റ് പാസ്റ്റർ സുമേഷ് പി. ലാസർ, സെക്രട്ടറി ബ്രദർ ജോൺ ഡാനിയേൽ, ട്രഷറാർ ബ്രദർ. സാബുജോൺ, ബ്രദർ ജെസ്റ്റിൻ ജോർജ്ജ്, ബ്രദർ സോണി തോമസ് തുടങ്ങിയവർ നേതൃത്വം നല്കി.

## ബീഹാറിൽ വി.ബി.എസ്.

കോച്ചസ്: ഇവിടെയുള്ള ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളിൽ പതിവുപോലെ ഈ വർഷവും അനുഗ്രഹപ്രദമായ വി.ബി.എസ് നടന്നു. ജൂലൈ 25ന് തുടങ്ങി 30ന് അവസാനിച്ച വി.ബി.എസിന്റെ തീം Chosen Generation (തെരഞ്ഞെടുക്കപ്പെട്ട തലമുറ) എന്നതായിരുന്നു. സുവിശേഷകൻ സഞ്ജയ് കുമാർ ആയിരുന്നു മുഖ്യ പരിശീലകൻ. സ്കിറ്റുകൾ, ആക്ഷൻസോങ്ങുകൾ, പാട്ടുകൾ, മനഃപാഠവാക്യങ്ങൾ മുതലായവ ക്ലാസ്സുകളിൽ പഠിപ്പിച്ചു.

മുപ്പതാംതീയതി സമാപനസമ്മേളനത്തോടനുബന്ധിച്ച് നടന്ന റാലി കോച്ചസ് പട്ടണത്തിലെ ജനങ്ങളെ വളരെയധികം ആകർഷിച്ചു. കുട്ടികൾ സ്കിറ്റുകൾ, ആക്ഷൻ സോങ്ങുകൾ എന്നിവ അവതരിപ്പിച്ചു ജനക്കൂട്ടത്തിന്റെ ശ്രദ്ധ പിടിച്ചു പറ്റി. സമാപന സമ്മേളനത്തിൽ കുട്ടികളെ കൂടാതെ മാതാപിതാക്കളും ദേശവാസികളും പങ്കെടുത്തു. കെ.സി.ഡി.സി. പ്രോജക്ട് മാനേജർ ബ്രദർ വിനോദ് കുമാർ, പാസ്റ്റർ രജനീകാന്ത് എന്നിവർ നേതൃത്വം നൽകി.



*കുട്ടികൾ വി.ബി.എസ്സിൽ പ്രോഗ്രം അവതരിപ്പിക്കുന്നതിന്റെ ദൃശ്യം*

## രാംലീല മൈതാനത്തിൽ നിന്നുള്ള നേർകാഴ്ചകൾ

**പ്രത്യേക ലേഖകൻ**

അണ്ണ ഹസാരെയെ പിന്തുണയ്ക്കുന്ന ആയിരങ്ങൾ തീർത്ത ആൾക്കൂട്ടത്തിന്റെ ഒരു ഭാഗമായിത്തീരുവാൻ അവസരമൊരുങ്ങിയത് ആഗസ്റ്റ് 26 ന് വൈകുന്നേരം ആണ്. ഏതാനും ചില വിശ്വാസികളും ഒരു അക്രൈസ്തവനും അടങ്ങിയ ഞങ്ങളുടെ ചെറുസംഘം ന്യൂഡൽഹി മെട്രോ സ്റ്റേഷന്റെ വെളിയിൽ വന്നപ്പോൾത്തന്നെ തിക്കും തിരക്കും അനുഭവപ്പെട്ടുതുടങ്ങി. മൈതാനത്തിലെ പ്രവേശന കവാടത്തിലേക്ക് രണ്ട് വരികൾ ഉള്ളതിൽ ഒന്നിൽ ഞങ്ങളും കയറിനിന്നു. ക്രമം തെറ്റിച്ച് ഇടയ്ക്ക് കയറുന്നവരോട് ഇങ്ങനെ അതിക്രമിച്ച് കയറുന്നതും അഴിമതിയാണെന്ന് മറ്റുള്ളവർ പറയുന്നുണ്ടായിരുന്നു. എന്റെ മുന്നിൽ ഒരാൾ കയറിയപ്പോൾ ഞാനും ഇതു തന്നെ പറഞ്ഞു. മുതിർന്ന പൗരനുള്ള ഇളവ് എന്ന് പറഞ്ഞ് അയാൾ സ്വയം ന്യായീകരിച്ചപ്പോൾ ഞാൻ ചോദിച്ചുപോയി; മുതിർന്ന പൗരന് അഴിമതി ആകാം എന്ന ഇളവ് ഉണ്ടോ? ചിലർ പോലിസുമായി തട്ടികയറുന്നത് കണ്ടു, തികട്ടിവന്ന അമർഷം ഉള്ളിലൊതുക്കി പൊലീസ് നിസഹായരായി നിന്നു.

മെട്രോ സ്റ്റേഷന്റെ കവാടത്തിൽ തന്നെ ഞാൻ അണ്ണാ ഹസാരെ ആണ് എന്ന എഴുത്തുള്ള ഗാന്ധിതൊപ്പികൾ ചൂടപ്പം പോലെ വിറ്റഴിഞ്ഞ് പോകുന്നത് കാണാം. ചെറിയ ത്രിവർണ പതാകളും ഷാളുകളും മറ്റ് സാമഗ്രികളും വിൽപ്പനയ്ക്കുണ്ട്. ഞങ്ങളുടെ സംഘത്തിൽ എല്ലാവരും

(ശേഷം മൂന്നാം പേജിൽ)

**ഉൾപേജുകളിൽ!!!**

**ദഹിപ്പിക്കാത്ത അഗ്നി** - പാസ്റ്റർ എം. സാമുവൽകുട്ടി (പേജ് 2)

**ഞാൻ വഹിക്കുന്ന യേശുവിന്റെ ചൂടടയാളം** - മാനുവൽ ജോസഫ് (പേജ് 4)

**അദ്ധ്യാപക ദിന ചിന്തകൾ** - പാസ്റ്റർ ബിജു ബഞ്ചമിൻ (പേജ് 4)

*പത്രാധിപ ലേഖനം.......*

# ദഹിപ്പിക്കാത്ത അഗ്നി



കഴിഞ്ഞ ലക്കം മാന്യവായനക്കാരോട് ഞാൻ പങ്ക് വച്ചത് ദഹിപ്പിക്കുന്ന അഗ്നി എന്ന വിഷയം ആയിരുന്നെങ്കിൽ, ഇത്തവണ ദഹിപ്പിക്കാത്ത അഗ്നിയെക്കുറിച്ചാണ് ഞാൻ എഴുതുന്നത്. നശീകരണത്തിന്റെ ഹേതു ആണെങ്കിലും പവിത്രീകരണത്തിന്റെ ഹേതു എന്ന പരിവേഷവും അഗ്നിക്ക് ഉണ്ട്. തിന്മയെ നശീകരിച്ചു നന്മയെ സംരക്ഷിക്കുന്നത് എന്നതാണ് അഗ്നിയെക്കുറിച്ച് മിക്ക മതസങ്കൽപ്പങ്ങളിലും കാണാവുന്ന അനുമാനം. ക്രൈസ്തവരുടെ കാഴ്ചപ്പാടും വിഭിന്നമല്ല. അഗ്നിയുടെ സംരക്ഷണസ്വഭാവത്തെക്കുറിച്ച് ചില കാര്യങ്ങൾ വേദപുസ്തക വെളിച്ചത്തിൽ ഇവിടെ കുറിക്കുന്നു.

അമ്മായിഅപ്പനായ യിത്രോവിന്റെ ആടുകളെ മേയിച്ചുകൊണ്ട് മരുഭൂമിക്ക് അപ്പുറത്ത് ദൈവത്തിന്റെ പർവ്വതമായ ഹോരേബിൽ എത്തിയ മോശ കണ്ട വലിയ കാഴ്ച ഒരു മുൾപടർപ്പ് തീ പിടിച്ച് കത്തുന്നതും മുൾപടർപ്പ് വെന്ത് പോകാതിരിക്കുന്നതും ആയിരുന്നു. യഹോവയുടെ ദൂതൻ ആ അഗ്നിയിൽ മോശെക്ക് പ്രത്യക്ഷ്യനായി. ഈ ദർശനം മൂലമാണ് ഫറവോന്റെ അടിമ നുകത്തിൽ നിന്ന് യിസ്രയേൽ മക്കളെ വിടുവിക്കുക എന്ന ദൈവികദൗത്യം പ്രാവർത്തികമാക്കുവാനുള്ള നിയോഗം മോശെക്ക് ലഭിക്കുന്നത്. ഈ ദൗത്യനിർവ്വഹണത്തിനിടയിൽ, ആദ്യം മിസ്രയിമിലും പിന്നെ കനാൻ ദേശത്തേക്കുള്ള യാത്രയിലും തീച്ചൂള പോലെയുള്ള പരീക്ഷണങ്ങളിലും മോശ പരാജിതനാകാത്തത് മുൾപടർപ്പിനെ ദഹിപ്പിക്കാതെ ജ്വലിച്ചു നിന്ന അഗ്നിയുടെ ദൃശ്യം മനസിൽ കെടാതെ നിന്നത് കൊണ്ടായിരുന്നു. മരുഭൂമിയാത്രയിൽ തുടർമാനം അഗ്നിസ്തംഭം യിസ്രയേൽ മക്കൾക്ക് രാത്രി വെളിച്ചമായിരുന്നു എന്ന വസ്തുത കൂടി ഇവിടെ സ്മരിക്കേണ്ടിയിരിക്കുന്നു.

ബാബേൽ പ്രവാസത്തിൽ സമർത്ഥരായ ഏതാനും എബ്രായ ബാലൻമാരെ രാജധാനിയിൽ പരിചരിക്കുവാൻ നിർത്തുന്നതിനുവേണ്ടി പരിശീലിപ്പിക്കുവാൻ നെബുഖദ്നേസർ കൽപ്പിച്ചപ്രകാരം രാജസന്നിധിയിൽ വന്ന യഹൂദ പുത്രന്മാരിൽ ദാനിയേൽ, ഹനന്യാവ്, മീശായേൽ, അസര്യാവ് എന്നീ ബാലന്മാരും ഉണ്ടായിരുന്നു. ഷണ്ഡാധിപൻ അവരുടെ പേരു മാറ്റി ദാനിയേലിന് ബേൽത്ത്ശസ്സർ എന്നും ഹനന്യാവിന് ശദ്രക്ക് എന്നും മീശായേലിനു മേശക് എന്നും അസര്യാവിന് അബേദ്-നെഗോ എന്നും നാമകരണം ചെയ്തു.അങ്ങനെയിരിക്കെ, നെബുഖദ്നേസർ രാജാവ് പൊന്നുകൊണ്ട് ഒരു ബിംബം ഉണ്ടാക്കിയതിന് ശേഷം സകലരും അതിനെ വീണു നമസ്കരിക്കണം എന്ന കൽപ്പന പുറപ്പെടുവിച്ചു. ആരെങ്കിലും അതിനെ വീണു നമസ്കരിക്കാതെ ഇരുന്നാൽ അവനെ ആ നാഴികയിൽ തന്നെ എരിയുന്ന തീച്ചൂളയിൽ ഇട്ടുകളയും എന്നും കൽപ്പനയിൽ കൂട്ടിച്ചേർത്തു. സകല വംശങ്ങളും ജാതികളും ഭാഷക്കാരും രാജാവിന്റെ കല്പന അനുസരിച്ചെങ്കിലും, ബാബേൽ സംസ്ഥാനത്തിലെ കാര്യാദികൾക്ക് മേൽ വിചാരകരായി നിയമിക്കപ്പെട്ട ശദ്രക്ക്, മേശക്ക് അബേദ്-നെഗോ എന്നിവർ രാജകൽപ്പന അനുസരിക്കാൻ കൂട്ടാക്കിയില്ല. വിവരമറിഞ്ഞ രാജാവ് അവരെ വിളിപ്പിച്ച് അവരെ താക്കീത് ചെയ്തെങ്കിലും അവർ വഴങ്ങിയില്ല. രാജാവ് അവരെ തീച്ചൂളയിൽ ഇടുവാൻ കൽപ്പിച്ചു. തീച്ചൂള പതിവിലും ഏഴുമടങ്ങ് ചൂട് പിടിപ്പിക്കുവാൻ അനുചരന്മാർക്ക് രാജാവ് നിർദ്ദേശം നൽകി. സൈന്യത്തിലെ മഹാബലവാന്മാരായ ചില പുരുഷന്മാർ അവരെ ബന്ധിച്ച് തീച്ചൂളയിൽ ഇട്ടുകളഞ്ഞു. അത്യന്തം കഠിനമായ തീച്ചൂള അവരെ എടുത്ത് കൊണ്ടിട്ട രാജകിങ്കരൻമാരെ ദഹിപ്പിച്ചു കളഞ്ഞു. നെബുഖദ്നേസർ രാജാവ് കണ്ട അടുത്തകാഴ്ച പക്ഷേ പരിഭ്രമിപ്പിക്കുന്നതായിരുന്നു. മൂന്നു പേരെയാണ് അദ്ദേഹം തീച്ചൂളയിൽ ബന്ധിപ്പിച്ച് ഇടുവിച്ചത്; പക്ഷേ തീച്ചൂളയിൽ ആ മൂന്നു പേരും കെട്ടഴിഞ്ഞു നടക്കുന്നതും അവരോടൊപ്പം ഒരു നാലാമനും ചേർന്നു നടക്കുന്നതുമായ കാഴ്ച തീർത്തും അവിശ്വസനീയമെങ്കിലും സത്യമായിരുന്നു. രാജാവ് സൂക്ഷിച്ചു നോക്കിയപ്പോൾ നാലാമന്റെ രൂപം ദൈവപുത്രന്റേത് പോലെ തോന്നി. രാജാവ് ഉടൻ തന്നെ അവരെ പുറത്ത് കൊണ്ടുവരുവാൻ കല്പിച്ചു. രാജാവും രാജസദസിലെ പ്രമുഖരും പരിശോധിച്ചാറെ, ശദ്രക്ക്, മേശക്ക് അബേദ്-നെഗോ എന്നീ ഭക്തരുടെ ദേഹത്തിന് തീ പിടിക്കാതെയും അവരുടെ തലമുടി കരിയാതെയും കാൽചട്ടയ്ക്കു കേട് പറ്റാതെയും അവർക്ക് തീയുടെ മണം പോലും തട്ടാതെയും ഇരുന്നത് കണ്ടു. രാജാവ് അപ്പോൾ പറഞ്ഞ സാക്ഷ്യം ഇങ്ങനെയായിരുന്നു; ശദ്രക്കിന്റെയും മേശക്കിന്റേയും അബേദ്നെഗോവിന്റെയും ദൈവം വാഴ്ത്തപ്പെട്ടവൻ; തന്നിൽ ആശ്രയിക്കുകയും സ്വന്ത ദൈവത്തെയല്ലാതെ വേറൊരു ദൈവത്തെയും സേവിക്കുകയോ നമസ്കരിക്കുകയോ ചെയ്യാതിരിക്കത്തക്കവണ്ണം രാജകല്പനയും മറുത്ത് തങ്ങളുടെ ദേഹത്തെ ഏൽപ്പിച്ചുകൊടുക്കുകയും ചെയ്ത തന്റെ ദാസന്മാരെ അവൻ സ്വദൂതനെ അയച്ചു വിടുവിച്ചിരിക്കുന്നുവല്ലോ (ദാനിയേൽ3:28).

അതേ, അഗ്നിസമാനങ്ങളായ അനുഭവങ്ങളിൽകൂടി കടക്കുമ്പോഴും മാറിനിന്ന് നിർദ്ദേശങ്ങൾ നൽകാതെ, നമ്മോടുകൂടി നടന്ന് നമ്മെ വിടുവിക്കുന്നവനാണ് നമ്മുടെ ദൈവം. അഗ്നി ജ്വാല നമ്മെ ദഹിപ്പിക്കാതെ ദൈവം നമ്മെ കാക്കും. അതുകൊണ്ടാണ് തീച്ചൂള പോലുള്ള പരീക്ഷണങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നാലും പ്രത്യാശ കൈവിടരുതെന്ന് നമ്മോട് പറഞ്ഞിരിക്കുന്നത്. പ്രവാചക ശബ്ദത്തിലൂടെ ദൈവവചനം ഇങ്ങനെ അരുളിചെയ്തിരിക്കുന്നു- നീ തീയിൽകൂടി നടന്നാൽ വെന്തുപോകയില്ല; അഗ്നിജ്വാല നിന്നെ ദഹിപ്പിക്കുകയുമില്ല (യെശയ്യാവ് 43:2). അതുപോലെ തന്നെ, നിങ്ങളെ സംഹരിച്ചുകളയുമെന്ന് തോന്നുന്ന എതിർപ്പുകൾക്കെതിരെ തീമതിലായി ചുറ്റും നിന്ന് സംരക്ഷണം നൽകുവാൻ ദൈവം ശക്തനാണ്.

ദൈവിക അഗ്നി നീതികേടുകളെ ദഹിപ്പിക്കുമ്പോൾ, നീതിമാന്മാരെ സംരക്ഷിക്കുന്നു. ദൈവജനം എന്നും ഈ ദഹിപ്പിക്കാത്ത അഗ്നിയുടെ നടുവിൽ സുരക്ഷിതരാണുതാനും. ❖

*- പാസ്റ്റർ എം. സാമുവൽകുട്ടി*

# മുഴുരാത്രി പ്രാർത്ഥന

**അടൂർ:-** ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് കേരളാ റീജണിന്റെ ആഭിമുഖ്യത്തിൽ മാഞ്ഞാലി ഫെയ്ത്ത് ഫെലോഷിപ്പ് സഭയിൽ വെച്ച് 2011 ആഗസ്റ്റ് 3-ാം തീയതി രാത്രി 10 മണി മുതൽ മുഴുരാത്രി പ്രാർത്ഥന നടന്നു.ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് കേരളാ റീജൺ സെക്രട്ടറി പാസ്റ്റർ ഡി. ജോൺ പ്രാർത്ഥിച്ചാരംഭിച്ച യോഗത്തിൽ പാസ്റ്റർ എബി എം. ജോൺ, ദൈവവചനത്തിൽ നിന്നും സംസാരിച്ചു. തുടർന്ന് വിവിധ സെഷനുകളിൽ കർത്തൃദാസന്മാരായ വി.എം. ഏബ്രഹാം, എം. ജോർജ്ജുകുട്ടി, സുമേഷ് പി. ലാസർ, എബി ജോർജ്ജ്, ബോബി പി.ജോൺ, ബിജു പാപ്പച്ചൻ എന്നിവർ നേതൃത്വം വഹിച്ചു.

# സ്വാതന്ത്ര്യദിനാഘോഷം

അടൂർ:-ഭാരതമണ്ണിൽ കിരാതമായ സൈനീക വാഴ്ച നടത്തിയ ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ സത്യത്തിന്റെയും ത്യാഗത്തിന്റെയും അഹിംസയുടെയും സമരമുഖങ്ങളിലൂടെ ജനസഹസ്രങ്ങളെ സ്വാതന്ത്ര്യത്തിലേക്ക് നയിച്ചതിന്റെ 65-ാം സ്വാതന്ത്ര്യദിനാഘോഷം ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിൽ വച്ച് നടത്തപ്പെട്ടു. ബ്രദർ എ. ജോസിന്റെ പ്രാർത്ഥനയോടുകൂടി ആരംഭിച്ച സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിൽ കോളജ് പ്രിൻസിപ്പൾ പാസ്റ്റർ എബി ജോർജ്ജ് പതാക ഉയർത്തി. കോളജ് ഡീൻ പാസ്റ്റർ സുമേഷ് പി. ലാസർ പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. കോളജ് രജിസ്ട്രാർ പാസ്റ്റർ ബോബി പി.ജോൺ സ്വാതന്ത്ര്യദിനസന്ദേശം നൽകി. ഭാരതത്തിലെ ഭരണാധികാരികൾക്കും, ജനങ്ങൾക്കും, ഭാരതത്തിന്റെ ഉയർച്ചയ്ക്കും,ഐശ്വര്യ പൂർണ്ണമായ ഒരു ഭരണത്തിനുവേണ്ടി പ്രത്യേകമായി പ്രാർത്ഥിച്ചു. കോളജിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും ഈ യോഗത്തിൽ പങ്കെടുത്തു.

# ബൈയൂല ദേശത്തിൽ



അടൂർ:- തെങ്ങമം പ്ലാംതുണ്ടിൽ വീട്ടിൽ ബ്രദർ എ. ലാസറിന്റെ സഹധർമ്മിണി സഹോദരി ലില്ലിക്കുട്ടി (46) ആഗസ്റ്റ് 5-ന് കർത്താവിൽ നിദ്രപ്രാപിച്ചു. തെങ്ങമം ഫെയ്ത്ത് ഫെലോഷിപ്പ് സഭാംഗവും വിവിധ സുവിശേഷ പ്രവർത്തനങ്ങളിൽ സജീവപ്രവർത്തകയും ആയിരുന്നു. 1998-ൽ കർത്താവിനെ രക്ഷകനായി സ്വീകരിക്കുകയും തുടർന്ന് ഫെയ്ത്ത് ഫെലോഷിപ്പ് സഭയിൽ അംഗമായി തീരുകയും ചെയ്തു. സുവിശേഷീകരണത്തിന് നിരവധി വ്യക്തിപരമായ സംഭാവനകൾ നല്കിയ സഹോദരി അനേകരെ ക്രിസ്തുവിലേക്ക് നയിച്ചു. വിശേഷാൽ കവലപ്രസംഗങ്ങളിൽ തത്പരയായിരുന്ന സഹോദരി ലില്ലിക്കുട്ടിയുടെ സാക്ഷ്യപ്രസ്താവനകൾ ഹൃദയസ്പർശി ആയിരുന്നു.

06-07-2011 ശനിയാഴ്ച ഭവനത്തിൽ നടന്ന ശുശ്രൂഷയ്ക്ക് പാസ്റ്റർ ബിജുബെഞ്ചമിൻ, പാസ്റ്റർ ഡി. ജോൺ എന്നിവർ നേതൃത്വം നൽകി. പെരിങ്ങനാട് എഫ്.എഫ്.സി സെമിത്തേരിയിൽ നടന്ന ശവസംസ്ക്കാര ശുശ്രൂഷയ്ക്ക് ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി നേതൃത്വം നൽകി. എബനേസർ തിയോളജിക്കൽ സെമിനാരി (വേങ്ങൂർ) പ്രിൻസിപ്പാൾ റവ.ഡോ.സി.തോമസ്, വിവിധ സഭകളിലെ കർത്തൃദാസന്മാർ, രാഷ്ട്രീയ പ്രതിനിധികൾ, സഭാവിശ്വാസികൾ, നാട്ടുകാർ തുടങ്ങിയവർ പങ്കെടുത്തു. മക്കൾ: പാസ്റ്റർ. സുമേഷ് പി.ലാസർ, സുധീഷ് പി.ലാസർ.

## വരിസംഖ്യ

വരിസംഖ്യ നിരക്ക്
ഒരുവർഷത്തേക്ക്

| | |
|---|---|
| ഇന്ത്യയിൽ | :36 രൂപ |
| ഗൾഫ് | :300 രൂപ |
| യു.എസ് | :10 $ |
| കാനഡ | :10 $ |

## ക്ഷണിക്കുന്നു

*വിശ്വാസിയിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ,വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.*

*-പത്രാധിപർ*

എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി
അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
ജോൺ ടി. വർഗ്ഗീസ്
ഷിബു തമ്പി
പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

# രാംലീല മൈതാനത്തിൽ നിന്നുള്ള നേർകാഴ്ചകൾ

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

തൊപ്പി വാങ്ങിച്ചു; രണ്ടു പേർ ഷാളും. ഞാൻ തൊപ്പി പതിയെ കാൽച്ചട്ടയുടെ കീശയിൽ തിരുകി. മുന്നോട്ട് പൊയ്ക്കൊണ്ടിരുന്നപ്പോൾ സംഘത്തിലെ മറ്റൊരാളും അങ്ങനെ തന്നെ ചെയ്തു. ഒരാൾ എങ്കിലും എന്റെ ഭാഗത്തായല്ലോ എന്ന് ഞാൻ സന്തോഷിച്ചു. എന്റെ ഭാഗമോ? എന്താണ് എന്റെ ഭാഗം? അത് നിങ്ങളോട് പങ്ക് വയ്ക്കാനാണ് മിനക്കെട്ട് തല്ലുകൊണ്ടത്. രാംലീല മൈതാനത്തിലെ നേർകാഴ്ചകളുടെ പിൻബലം ഉണ്ടെങ്കിൽ എഴുത്തിന് ഒന്നുകൂടി തീർച്ചവരും എന്ന് കരുതി.

അണ്ണ ഹസാരെയുടെ അഴിമതി വിരുദ്ധ സംഘർഷം തലസ്ഥാന നഗരിയിൽ ആരംഭിച്ചതു മുതൽ വമ്പിച്ച ജനപിന്തുണയും മാധ്യമ പിന്തുണയും ഉള്ള ഒരു മുന്നേറ്റമായി അതുമാറി. എന്നാൽ, ഇടയ്ക്കിടക്ക് ചില ഒറ്റപ്പെട്ട സ്വരങ്ങൾ അതിനെതിരായി ഉയരുവാൻ തുടങ്ങി. വിശേഷിച്ചും, സ്വാമി രാംദേവ് അണ്ണയോട് ഐക്യദാർഢ്യം പ്രദർശിപ്പിച്ച് നടത്തിയ അഴിമതി വിരുദ്ധ യജ്ഞം പൊളിഞ്ഞതിന് ശേഷം. ഇതിൽ പ്രമുഖം അരുന്ധതി റോയിയുടേതായിരുന്നു. ആഗസ്റ്റ് 21 ന് *ദ് ഹിന്ദുവിൽ* എഴുതിയ I'd Rather not be Anna (ഞാൻ അണ്ണാ ആകാൻ ആഗ്രഹിക്കുന്നില്ല) എന്ന ലേഖനത്തിൽ അണ്ണായുടെ അമിതമായ രാഷ്ട്രവാദത്തെയും സങ്കുചിതമായ നിലപാടുകളെയും റോയി തീവ്രമായി വിമർശിച്ചിരുന്നു. ദ് ഹിന്ദുവിൽ തന്നെ വന്ന മറ്റൊരു ലേഖനത്തിൽ (Messianism Verses Democracy - മസിഹാവാദവും ജനാധിപത്യവും) പ്രഭാത് പട്നായിക് അണ്ണാ ഹസാരെ ഒരു മസിഹായായി അവതരിക്കപ്പെടുകയാണെന്നും അഴിമതി വിരുദ്ധ പ്രസ്ഥാനത്തേക്കാൾ പ്രാധാന്യം അണ്ണായുടെ വ്യക്തിത്വത്തിന് നൽകപ്പെടുകയാണെന്നും കുറ്റപ്പെടുത്തുന്നു. അണ്ണയോടൊപ്പം ആദ്യം നിന്ന നാഷണൽ അഡ്വൈസറി കൗൺസിൽ (എൻ. എ. സി.) അംഗം അരുണാ റോയ്, ഹർഷ് മാന്ദർ, ആത്മിയാചാര്യൻ സ്വാമി അഗ്നിവേശ് എന്നിവർ അണ്ണായുടെ വാദങ്ങളിൽ സ്വല്പം കൂടി മിതത്വം വേണമെന്നാണ് ഇപ്പോൾ പറയുന്നത്. ഒരോ വ്യക്തിയും സ്വന്തജീവിതത്തിൽ അഴിമതി ചെയ്യുന്നത് നിർത്താതെ അണ്ണയെ പിന്തുണയ്ക്കുന്നതു കൊണ്ട് ഒരു ഫലവും ഇല്ലയെന്ന് ചില നിരീക്ഷകർ കരുതുന്നു. (എനിക്ക് തോന്നുന്നത് യഥാർത്ഥത്തിൽ വിലക്കയറ്റത്തിനെതിരേയുള്ള ജനവികാരമാണ് അഴിമതിക്കെതിരെയുള്ള പിന്തുണയായി പരിണമിച്ചിരിക്കുന്നത് എന്നാണ്. രണ്ടും തമ്മിൽ വലിയ ബന്ധമില്ലെങ്കിലും) പ്രമുഖ ദളിത് നേതാവായ ഉദിത് രാജ്, ഭരണഘടനാ വിരുദ്ധമായ നിലപാടുകളിലൂടെ ദളിതർക്കും മുസ്ളീങ്ങൾക്കും പ്രാധിനിധ്യം നൽകാതെ അവരെ പാർശ്വവർകരിക്കുകയാണ് എന്നാരോപിച്ച് അണ്ണയ്ക്കെതിരെ ആഗസ്റ്റ് 24ന് ഇന്ത്യഗേറ്റിൽ നിന്നും പാർലമെന്റിലേക്ക് ജാഥ നടത്തിയിരുന്നു.

ഇനിയും, ഭരണമുന്നണിയായ കോൺഗ്രസ് പാർട്ടി തെളിഞ്ഞും ചില നിരീക്ഷകരെങ്കിലും ഒളിഞ്ഞും തെളിഞ്ഞും ഉന്നയിക്കുന്ന ആരോപണം അണ്ണായുടെ സമരത്തിന്റെ പ്രായോജകർ




ആർ. എസ്. എസ്. ആണ് എന്നുള്ളതാണ്. അണ്ണായുടെ പശ്ചാത്തലം പരിശോധിച്ചാൽ അദ്ദേഹം ചെയ്ത സമരങ്ങൾ ഹിന്ദുത്വ പാർട്ടികൾക്ക് രാഷ്ട്രീയമായി ഗുണം ചെയ്തതായി കാണാൻ കഴിയും. തൊണ്ണൂറുകളുടെ മദ്ധ്യത്തിൽ അദ്ദേഹം മഹാരാഷ്ട്രയിൽ നടത്തിയ ഒരു അഴിമതി വിരുദ്ധ സമരത്തിന് ശേഷം എൻ.സി.പി- കോൺഗ്രസ് സഖ്യം തെരെഞ്ഞടുപ്പിൽ തോൽക്കുകയും ശിവസേന -ബി.ജെ.പി സഖ്യം 1995ൽ അധികാരത്തിൽ വരികയും ചെയ്തു. ജന്തർമന്തറിലും പിന്നീട് രാംലീല മൈതാനത്തും രാഷ്ട്രീയക്കാരെ അടുപ്പിക്കാതെ നടത്തിയ സമരങ്ങൾ അവസാനഘട്ടത്തിലേക്ക് കടന്നപ്പോൾ ബി.ജെ.പിയുടെ ചില പ്രമുഖർ രാംലീല മൈതാനത്തു അഭിമതരായി. അണ്ണാ ടീമിലെ ചിലർ പിന്തുണ തേടി ബി.ജെ.പിയുടെ മുതിർന്ന നേതാവ് അദ്വാനിയെ സന്ദർശിച്ചിരുന്നു.

എന്റെ കൂടെ വന്ന വിശ്വാസി സംഘത്തിലെ ചിലർ അണ്ണായെ അന്ധമായി പിന്തുണയ്ക്കുന്നവർ ആയിരുന്നു. ഞാൻ അവരോട് ഈ വിമർശനങ്ങളെക്കുറിച്ച് പറഞ്ഞ് നോക്കിയെങ്കിലും അവർ തങ്ങളുടെ നിലപാടുകളിൽ ഉറച്ച് തന്നെ നിന്നു. ഒരു പ്രമുഖ പെന്തക്കൊസ്തു സാഹിത്യകാരൻ നടത്തിയ വിമർശനവും സാവന്ത് കമ്മീഷൻ 2005ൽ അണ്ണയുടെ ഹിന്ദ് സ്വരാജ് ട്രസ്റ്റ് 220000 രൂപ ക്രമവിരുദ്ധമായി അദ്ദേഹത്തിന്റെ ജന്മദിനാഘോഷത്തിന് ചിലവഴിച്ചതിനെ ശാസിച്ചതും ഞാൻ ശ്രദ്ധയിൽപെടുത്തിയെങ്കിലും ഫലമുണ്ടായില്ല.

സുരക്ഷാ പരിശോധനയ്ക്ക് ശേഷമാണ് ഞങ്ങളെ അകത്തേക്ക് കടത്തി വിട്ടത്. ഞങ്ങൾ പ്രവേശിച്ചപ്പോൾ കിരൺ ബേദി പ്രസംഗിക്കുകയായിരുന്നു. ജനങ്ങളെ ഇളക്കി മറിക്കുന്ന മൈതാന പ്രസംഗം. വേദിയുടെ സമീപത്ത് ചെല്ലാൻ ശ്രമിച്ചെങ്കിലും ഞങ്ങൾക്ക് അധികം മുന്നേറാനായില്ല. തിരക്കിൽ നിന്നും മാറിയപ്പോഴാണ് കൂടെ ഉണ്ടായിരുന്ന രണ്ടുപേർ കൂട്ടം തെറ്റി എന്ന് അറിഞ്ഞത്. മൊബൈൽ ഫോണിനു സ്തുതി. അധികം വിഷമിക്കാതെ അവരെ കണ്ടുപിടിക്കാനായി. ഇതിനകം ഒരു കൗണ്ടറിൽ നിന്ന് ഞങ്ങൾ സൗജന്യ മിനറൽ വാട്ടർ പാക്കറ്റ് വാങ്ങി ദാഹം തീർത്തു. ഒരു കൗണ്ടർ മുസ്ലീംസഹോദരങ്ങൾക്ക് നോമ്പ് തുറക്കാനായി സജ്ജമാക്കിയിട്ടുണ്ട്. സമരത്തിന് മതേതരത്വത്തിന്റെ മുഖം നൽകാനുള്ള ശ്രമം. ഒരിടത്ത് സൗജന്യമായി മലർ ലഭിക്കുന്നു. മൈതാനത്തിന്റെ ഒരു കോണിൽ തയ്യാറാക്കിയ ടെന്റുകളിലെ കൗണ്ടറുകളിൽ സൗജന്യഭക്ഷണം ലഭ്യം. പൂരിയും ഉരുളക്കിഴങ്ങ് കറിയും ചോറും പരിപ്പുകറിയും മിനറൽ വാട്ടറും ചായയും. ഞങ്ങളും ഭക്ഷണത്തിന്റെ സ്വാദ് രുചിച്ചുനോക്കി. തിക്കി തിരക്കിയത് വെറുതെ ആയില്ല. നല്ല രുചിയുള്ള ഭക്ഷണം.

രാംലീല മൈതാനത്തോട് ചേർന്ന ക്ഷേത്രത്തിന്റെ വകയായി സമരത്തെ പിന്തുണച്ച് കൊണ്ട് ചുവരെഴുത്ത് നടത്തുവാനുള്ള ക്രമീകരണം ഉണ്ട്. തൊപ്പി കീശയിൽ തിരുകിയ സുഹൃത്തിന് അമിതരാഷ്ട്രവാദത്തിൽ കൂടെ വർഗീയതക്ക് നുഴഞ്ഞു കയറുവാനുള്ള സാഹചര്യം ഈ സമരത്തിൽ സംജാതമാകുകയാണെന്ന് ബോധ്യപ്പെട്ടു. പക്ഷേ, തൊപ്പിയും ഷാളും അണിഞ്ഞ രണ്ടു സഹോദരന്മാർ മെട്രൊയിലുള്ള മടക്കയാത്രയിൽ മൈതാനത്തെ വർത്തമാന സ്ഥിതി തിരക്കിയ സഹയാത്രികരോട് ആവേശപൂർവ്വം സംസാരിച്ചു കൊണ്ടേയിരുന്നു. ജനാധിപത്യത്തിന്റെ പേരിൽ അടുത്തിടെ മദ്ധ്യപൂർവ്വരാജ്യങ്ങളിൽ നടന്ന സമരങ്ങൾ എല്ലാം മത തീവ്രവാദത്തിന് ഗുണകരമായത് പോലെ ഇവിടെയും സംഭവിക്കുമോ എന്ന ആശങ്കയിലായിരുന്നു ഞാൻ.

*ഒടുവിലത്തെ നില:* ലോക്സഭ ലോക്പാൽ ബിൽ ഐക്യകണ്ഠേന പാസാക്കി. 28ന് രാവിലെ പത്ത് മണിക്ക് അണ്ണാ ഹസാരെ പന്ത്രണ്ട് ദിവസമായി തുടർന്നു വന്ന നിരാഹാര സമരം അവസാനിപ്പിക്കും.

## ഞാൻ വഹിക്കുന്ന യേശുവിന്റെ ചൂടടയാളം

(നാലാം പേജിൽ നിന്ന് തുടർച്ച)

നിൽക്കേണ്ടിവന്നു (18:12). എഫസൊസിൽ മരണത്തെ മുഖാമുഖം കണ്ടു (19:29; 2കൊരി. 1:8-9). കൊരിന്തിൽ നിന്ന് സുറിയയിലേക്ക് പോകുവാൻ ശ്രമിച്ചപ്പോൾ യഹൂദന്മാർ വീണ്ടും അപായപ്പെടുത്താൻ ശ്രമിച്ചു(20:3). യെരുശലേമിൽ റോമൻ പടയാളികൾ രക്ഷിച്ചില്ലായിരുന്നെങ്കിൽ യഹൂദൻമാരാൽ കൊല്ലപ്പെടുമായിരുന്നു(22). കൈസര്യയിലും, റോമിലും രണ്ടു വർഷങ്ങൾ വീതം തടവ്, അനേകം ചാട്ടവാറടികൾ, കല്ലേറ്, പ്രാണഭയത്തിലായ നിമിഷങ്ങൾ, കപ്പൽച്ചേതം, ആപത്തുകൾ, താൻ സ്ഥാപിച്ച സഭകളെക്കുറിച്ചും, അവിടങ്ങളിലെ വിശ്വാസികളെകുറിച്ചുള്ള ചിന്താഭാരം (2കൊരി.11: 23-27), ഇങ്ങനെ അസംഖ്യം ചൂടടയാളങ്ങൾ അദ്ദേഹം തന്റെ ശരീരത്തിൽ ചുമന്നിരുന്നു. അടിയേൽക്കപ്പെട്ട, ക്ഷതം സംഭവിച്ച, കരുവാളിച്ച് ഇരുണ്ട് കിടക്കുന്ന, ശരീരത്തിലെ ഓരോ മായാത്ത അടയാളങ്ങളും തന്റെ അപ്പൊസ്തലനെന്ന പദവിയുടെയും തന്റെ വിളിയുടെയും ഒരിക്കലും മായാത്ത അടയാളങ്ങളായിരുന്നു, ഒരിക്കലും മായാത്ത സാക്ഷ്യങ്ങളായിരുന്നു.

പ്രിയ സുഹൃത്തേ, താങ്കളുടെ ശുശ്രൂഷയും വിളിയും ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ടോ? താങ്കളുടെ ജീവിതത്തിലെ പ്രശ്നങ്ങളും, പ്രതിസന്ധികളും ഓരോ ചൂടടയാളമായി താങ്കളിൽ പതിഞ്ഞിട്ടുണ്ടോ? താങ്കൾ വഹിക്കുന്ന ക്രിസ്തുവിന്റെ ചൂടടയാളം എന്താണ്?. താൻ പേറുന്ന ചൂടടയാളങ്ങൾ നല്കിയ ഉണർവ്വ് കാത്ത് സൂക്ഷിച്ച പ്രിയ അപ്പൊസ്തലൻ പ്രതിസന്ധി ഘട്ടങ്ങളിൽ അവയെ നോക്കി തന്റെ പദവിയും വിളിയും ഉറപ്പാക്കുമായിരുന്നു. ആ ചൂടടയാളങ്ങൾ അദ്ദേഹത്തിന് ഉത്തേജനം നല്കിയിരുന്നു. പ്രശ്നങ്ങളും പ്രതിസന്ധികളും നേരിടുമ്പോൾ, ശുശ്രൂഷയും, വിശ്വാസജീവിതവും ചോദ്യം ചെയ്യപ്പെടുമ്പോൾ താങ്കളുടെ ശരീരത്തിലെ യേശുവിന്റെ ചൂടടയാളങ്ങളെ ശ്രദ്ധിക്കുക. ഓരോ പ്രതിസന്ധിയും തരണം ചെയ്യുവാൻ അവ തീർച്ചയായും നിങ്ങളെ സഹായിക്കും. ❖

## അദ്ധ്യാപക ദിന ചിന്തകൾ

(നാലാം പേജിൽ നിന്ന് തുടർച്ച)

കളിൽ നിക്ഷേപിക്കപ്പെടുന്ന ഒരു പ്രക്രിയയായി ഇത് മാറുന്നു. രൂപാന്തരത്തിന്റെ ശക്തിയെക്കാൾ വാക്കുകളുടെ ശബ്ദസ്പഷ്ടതയാണ് ഇവിടെ മുഴങ്ങിക്കേൾക്കുന്നത്. സത്യത്തെ നിരൂപണം നടത്തി പഠിക്കുവാൻ പക്ഷേ ഈ രീതി സഹായിക്കുന്നില്ല. പ്രശ്നങ്ങൾ ഉന്നയിക്കുന്ന വിദ്യാഭ്യാസം അഥവാ വിമോചനാത്മക വിദ്യാഭ്യാസം മനസ്സുകളിൽ അവബോധം ഉളവാക്കുന്ന പ്രവർത്തനങ്ങളാൽ നിറഞ്ഞതാണ്. അദ്ധ്യാപകരുടെ വിദ്യാർത്ഥികൾ, വിദ്യാർത്ഥികളുടെ അദ്ധ്യാപകർ എന്നിങ്ങനെയുള്ള വിഭജനരൂപരേഖമാറി പുതിയ പദങ്ങൾ രൂപീകൃതമാകുന്നു. വിദ്യാത്ഥിയായ അദ്ധ്യാപകൻ, അദ്ധ്യാപകനായ വിദ്യാർത്ഥി തുടങ്ങിയവ. ഇവ സാധിക്കുന്നത് പരസ്പരമുള്ള ആശയവിനിമയത്തിലും സംവേദനത്തിലും (Communication and Dialogue) കൂടിയാണ്. ഒരുമിച്ച് വളർച്ച പ്രാപിക്കുന്ന ഒരു പ്രക്രിയയ്ക്കായി അവർ ഇരുകൂട്ടരും ഒന്നിക്കുന്നു. നിക്ഷേപാത്മകമായ വിദ്യാഭ്യാസം വിദ്യാർത്ഥികളിൽ ആലസ്യം വളർത്തുകയും ക്രിയാത്മ ശക്തികളെ വിലക്കുകയും ചെയ്യുന്നു.വിമോചനാത്മക വിദ്യാഭ്യാസമോ യഥാകാലം സത്യത്തെ മറനീക്കി കാണിക്കുന്ന പ്രവർത്തനങ്ങളിൽ നിരതം മുഴുകുന്നു.

പ്രതിസന്ധികൾ നിറഞ്ഞ കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. വിദ്യാർത്ഥി സമൂഹം പ്രതിദിനം തങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളെ വെല്ലുവിളിയോടെ അഭിമുഖീകരിക്കുവാൻ വെമ്പൽകൊള്ളുന്നവരാണ്. വിമോചനാത്മകമായ വിദ്യാഭ്യാസമാണ് അതിന് ഏറെ സഹായകമാകുന്നത്. അദ്ധ്യാപക വിദ്യാർത്ഥി ബന്ധങ്ങൾ അർത്ഥവത്തായ പുതിയ മാനങ്ങളിലേക്ക് കടന്നെങ്കിലേ അത് സാദ്ധ്യമാവുകയുള്ളു. വിദ്യാർത്ഥികളെക്കാൾ അതിന് മുൻകൈയ്യെടുക്കേണ്ടത് അദ്ധ്യാപകരാണ്. ഡോ. രാധാകൃഷ്ണൻ, ഡോ. അബ്ദുൾ കലാം തുടങ്ങിയ അനേകം മാതൃകാ അദ്ധ്യാപകർക്ക് ജന്മം നൽകിയ നാടാണ് ഭാരതം. ഇന്ത്യയുടെ രണ്ടാമത്തെ പ്രസിഡന്റും മികച്ച അദ്ധ്യാപകനുമായ ഡോ. സർവ്വേപ്പള്ളി രാധാകൃഷ്ണന്റെ ജന്മദിനമാണ് ഭാരതത്തിൽ അദ്ധ്യാപകദിനമായി കൊണ്ടാടുന്നത്. ലോകജനത ഒന്നടങ്കം അംഗീകരിക്കുന്ന എക്കാലത്തെയും മികച്ച അദ്ധ്യാപകനായിരുന്നു യേശുക്രിസ്തു. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ വാക്കുകൾ ഇങ്ങനെയാണ് 'ഏറ്റവും മോശം കുട്ടികളെ പഠിപ്പിക്കുന്നവരാണ് ഏറ്റവും നല്ല അദ്ധ്യാപകർ. മീൻ പിടുത്ത തൊഴിലാളികളെ പഠിപ്പിച്ച യേശുവാണ് ഏറ്റവും നല്ല അദ്ധ്യാപകൻ (മലയാള മനോരമ, ജൂലൈ 30,2011).

സഹായക ഗ്രന്ഥം: Paulo

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 09 - 11
NEWSPAPER REGN. No. 65362 / 97
*Price Rs. 3/-*

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website: www.indianchristianmission.com

## ഞാൻ വഹിക്കുന്ന യേശുവിന്റെ ചൂടടയാളം



മാനുവൽ ജോസഫ്

നോയിഡ

ഗലാത്യർക്ക് എഴുതിയ ലേഖനത്തിന്റെ അവസാന ഖണ്ഡിക രേഖപ്പെടുത്തുമ്പോൾ അപ്പൊസ്തലനായ പൗലൊസിന്റെ മനസ്സിലൂടെ കടന്നുപോയ ചിന്തകൾക്ക് കാരിരുമ്പാണികൾ തുളച്ചുകയറുന്നത്ര വേദനയായിരുന്നു. തന്റെ പ്രഥമ മിഷനറി യാത്രയിൽ താൻ സ്ഥാപിച്ച സഭയിലെ വിശ്വാസികൾ തന്റെ അപ്പൊസ്തലനെന്ന പദവിയേയും തന്റെ ദൈവവിളിയെയും സംശയിച്ചാൽ, അതൊരു ദുഃഖമായി പരിണമിക്കുന്നത് സ്വാഭാവികം. പൗലൊസ് തന്റെ ഓരോ മിഷനറി യാത്രയിലും ഗലാത്യയിൽ സന്ദർശനം നടത്തുകയും അവരെ വിശ്വാസത്തിൽ ഉറപ്പിക്കുകയും ചെയ്തിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ചില കള്ള പ്രവാചകൻമാർ സഭയിൽ കടന്നുവരികയും ചില തെറ്റായ ഉപദേശങ്ങൾ പഠിപ്പിക്കുകയും ചെയ്തു. പൗലൊസിന്റെ അപ്പൊസ്തല പദവിയെക്കുറിച്ച് ഒരു സംശയം ഉണ്ടാക്കിയെടുക്കുന്നതിലും അവർ വിജയിച്ചു. തെറ്റായ ഉപദേശങ്ങൾക്കെതിരെയും തന്റെ പദവിയുടെ വിശ്വാസ്യതയെകുറിച്ചും നടത്തുന്ന സംവാദത്തിൽ, ഒരു അപേക്ഷ എന്നോണം അദ്ദേഹം എഴുതി. ഇനി ആരും എനിക്ക് പ്രയാസം വരുത്തരുത്, ഞാൻ യേശുവിന്റെ ചൂടടയാളം എന്റെ ശരീരത്തിൽ വഹിക്കുന്നു (ഗലാത്യർ 6:17)

പൗലൊസ് തന്റെ ശരീരത്തിൽ വഹിച്ച യേശുവിന്റെ ചൂടടയാളം അഥവാ അടയാളങ്ങൾ എന്തായിരുന്നു. അദ്ദേഹത്തെ നേരിട്ട് കണ്ടിട്ടുള്ള ഓരോ ഗലാത്യനും ആ അടയാളങ്ങൾ സുപരിചിതമായിരുന്നു. താൻ ഏറ്റ ഓരോ അടിയുടെ പാടുകളും, മുറിവിന്റെ കലകളും ആ ശരീരത്തിൽ യേശുവിന്റെ ചൂടടയാളങ്ങൾ ആയിരുന്നു. ദമസ്കോസിൽ അന്ധനായി, അനന്യാസിന്റെ വരവും കാത്തിരുന്ന പൗലൊസ് താൻ എന്തെല്ലാം ക്രിസ്തുവിനുവേണ്ടി അനുഭവിക്കാൻ പോകുന്നുവെന്ന് അറിഞ്ഞിരുന്നില്ല, ദൈവം അനന്യാസിനെ ഓർമ്മിപ്പിച്ചിരുന്നെങ്കിലും (അപ്പൊ. പ്രവൃത്തികൾ 9:16). ദമസ്കോസിന്റെ പടിവാതിൽക്കലെ വീഴ്ചയും പിന്നീടുണ്ടായ മൂന്ന് ദിവസത്തെ അന്ധതയും ഒരു തുടക്കം മാത്രമായിരുന്നു(9:1-9). അവിടെ വെച്ച് തന്നെ യഹൂദൻമാർ അദ്ദേഹത്തെ അപായപ്പെടുത്താൻ ശ്രമിച്ചു (9:23-25). പിന്നീട് യെരുശലേമിലും ഒരു ശ്രമം നടത്തി (9:29). അന്തിയോക്യയിൽ നിന്ന് പുറത്താക്കപ്പെട്ടു(13:50). ഇക്കോന്യയിൽ കല്ലെറിയപ്പെടുമായിരുന്നു (14:5). എന്നാൽ ലുസ്ത്രയിൽ കല്ലേറുകൊണ്ട് മരിച്ചവനെപ്പോലെയായി, യഹൂദന്മാരാൽ പട്ടണത്തിന് പുറത്തേക്ക് വലിച്ചിഴയ്ക്കപ്പെട്ടു (14: 19-20). ഫിലിപ്പിയിൽ വസ്ത്രം ഉരിച്ച്, കോലുകൊണ്ട് അടിച്ച്, ജയിലിൽ അടച്ച്, കാൽ ആമത്തിൽ ഇട്ട് പൂട്ടി (16:23-24). തെസ്സലൊനിക്യയിൽ യഹൂദന്മാർ അദ്ദേഹത്തിനെതിരെ കലഹമുണ്ടാക്കി(17:5). ബെരോവയിലും അത് തന്നെ സംഭവിച്ചു(17:1314). കൊരിന്തിൽ ന്യായധിപന്റെ മുന്നിൽ

(ശേഷം മൂന്നാം പേജിൽ)

> **പ്രശ്നങ്ങളും പ്രതിബന്ധികളും നേരിടുമ്പോൾ, ശുശ്രൂഷയും, വിശ്വാസജീവിതവും ചോദ്യം ചെയ്യപ്പെടുമ്പോൾ താങ്കളുടെ ശരീരത്തിലെ യേശുവിന്റെ ചൂടടയാളങ്ങളെ ശ്രദ്ധിക്കുക. ഓരോ പ്രതിബന്ധിയും തരണം ചെയ്യുവാൻ അവ തീർച്ചയായും നിങ്ങളെ സഹായിക്കും.**

വേദവിചാരം

## അദ്ധ്യാപക ദിന ചിന്തകൾ



പാസ്റ്റർ ബിജു ബഞ്ചമിൻ

**ആ**ർഷഭാരതം ഗുരു ശിഷ്യ ബന്ധത്തിന് പുകൾപെറ്റതാണ്. 'ഗു' ശബ്ദം അന്ധകാരമാണ്. 'രു' ശബ്ദം അതിനെ മാറ്റുന്നതും. അങ്ങനെയാണെങ്കിൽ 'ഗുരു' ഇരുട്ട് മാറ്റുന്നവനാണ്. അജ്ഞത അന്ധകാരമാണെങ്കിൽ അറിവ് ഇരുളിൽ തെളിയുന്ന വിളക്കാണ്. അറിവിലേക്കുള്ള വഴികാട്ടികൾ വിളക്കുമരങ്ങളും. പുരാണങ്ങളിൽ ചിത്രീകരിച്ചിരിക്കുന്ന ഗുരുശിഷ്യബന്ധത്തിന്റെ ചിത്രം ഇങ്ങനെയാണ്. ആൽ വൃക്ഷത്തിന്റെ ചുവട്ടിൽ നിശബ്ദനായിരിക്കുന്ന ഗുരു. തന്റെ സമീപത്ത് ഗുരുമുഖത്ത് നിന്നും വീഴുന്ന അറിവിന്റെ വാക്കുകൾ തങ്ങളുടെ ഹൃദയ ഫലകങ്ങളിൽ ആലേഖനം ചെയ്യുവാൻ അതീവ ശ്രദ്ധാലുക്കളായി നിലകൊള്ളുന്ന ശിഷ്യന്മാർ. മൗനമാണ് ഗുരുവിന്റെ വ്യാഖ്യാനം. ശിഷ്യന്മാരുടെ സംശയങ്ങൾ തീർത്തു നൽകപ്പെടുകയും ചെയ്യുന്നു. ഗുരുവും ദൈവവും മുന്നിൽ വന്നാൽ ആദ്യം ആരെ വണങ്ങും എന്ന ചോദ്യത്തിന് ഭാരതത്തിന്റെ ഭക്തകവി കബീർദാസ് നൽകുന്ന ഉത്തരം ഇങ്ങനെയാണ്, 'തീർച്ചയായും ഞാൻ ആദ്യം ഗുരുവിനെ വണങ്ങും. ഗുരുവാണ് എനിക്ക് ഈശ്വരനെ കാട്ടിത്തന്നത്'. സമ്പന്നമായ ഗുരു ശിഷ്യ ബന്ധത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും സംസ്കാരം സ്വന്തമെന്നഭിമാനിക്കുന്ന നമുക്ക് ആ ബന്ധത്തെ അരക്കിട്ടുറപ്പിക്കുവാൻ ഒരു അദ്യാപകദിനം കൂടി കടന്നുപോയിരിക്കുന്നു.

മാതാപിതാക്കൾ കഴിഞ്ഞാൽ ഒരു വ്യക്തിയെ ഏറ്റവും സ്വാധീനിക്കുവാൻ കഴിയുന്നവരാണ് അദ്ധ്യാപകർ. മാതാപിതാക്കളെക്കാൾ അധികം സമയം കുട്ടികളോടൊപ്പം ചെലവഴിക്കുന്നതും ഒരുപക്ഷേ അദ്ധ്യാപകരായിരിക്കാം. അദ്ധ്യാപകരും വിദ്ധ്യാർത്ഥികളും തമ്മിലുള്ള ബന്ധമാണ് രാജ്യങ്ങളുടെ വളർച്ചയ്ക്കും പുരോഗതിക്കും മുഖ്യമായ പങ്ക് വഹിക്കുന്നത്. രാജ്യശിൽപ്പികളെയും, ശാസ്ത്രജ്ഞന്മാരെയും, പൊലീസ് ഉദ്യോഗസ്ഥരെയും, കളക്റ്റർമാരെയും, ഡോക്ടർമാരെയും, ജഡ്ജിമാരെയും, അങ്ങനെ രാജ്യത്തിന്റെ വികസനത്തിനും പുരോഗതിക്കും ചുക്കാൻ പിടിക്കുന്ന പൗരന്മാരെ വാർത്തെടുക്കുവാൻ പോരുന്ന നൈപുണ്യ സമ്പന്നരാണ് അദ്ധ്യാപകർ. വിദ്യാർത്ഥികളെ വാർത്തെടുക്കുവാനും ഗുണാത്മകവും ഋണാത്മകവുമായ വഴികളിലേക്ക് തിരിക്കുവാനും അവർക്ക് കഴിയും. അദ്ധ്യാപക വിദ്യാർത്ഥി ബന്ധങ്ങളുടെ മാനദണ്ഡങ്ങൾക്ക് ഇന്ന് ഒരുപാട് മാറ്റങ്ങൾ വന്നിരിക്കുന്നു. വിദ്യാഭ്യാസ പ്രസ്ഥാനം സ്വകാര്യവത്കരിക്കപ്പെട്ടിരിക്കുന്നു. ഭൂരിപക്ഷം വരുന്ന യുവതലമുറക്ക് ഇന്ന് വിദ്യാഭ്യാസവും തുടർന്നുള്ള ഭാവിയും സ്വപ്നം മാത്രമായി മാറിയിരിക്കുന്നു. ഭാരതത്തിന്റെ മാറിവരുന്ന വിദ്യാഭ്യാസ നയങ്ങൾ അനേകരുടെ മുന്നിൽ ഉന്നതവിദ്യാഭ്യാസത്തിന്റെ വാതിലടയ്ക്കുമ്പോൾ ഈ ചോദ്യം പ്രസക്തമാകുന്നു. നമ്മുടെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ത്? നാം എവിടേക്കാണ് പോകുന്നത്? ഇവിടെയാണ് പൗലോ ഫ്രയറേയുടെ വിദ്യാഭ്യാസ ചിന്തകൾ നമ്മെ സ്വാധീനിക്കുന്നത്.

1921-ൽ ബ്രസീലിൽ ജനിച്ച്, ജീവിതത്തിന്റെ പച്ചയായ യാഥാർത്ഥ്യങ്ങളോട് പടവെട്ടി, പട്ടിണിയുടെ രുചി നന്നായി അറിഞ്ഞ ഫ്രയറേയെന്ന ബാലൻ തന്റെ പതിനൊന്നാമത്തെ വയസ്സിൽ പട്ടിണിക്കെതിരെ പോരാടുവാൻ ജീവിതം സമർപ്പിച്ചു. രാഷ്ട്രീയവും, സാമൂഹികവും സാമ്പത്തികവുമായ അധിനിവേശത്തിന്റെ നേരിട്ടുള്ള ഫലം അജ്ഞതയും ആലസ്യവുമാണെന്ന തിരിച്ചറിവ് അവനെ മറ്റൊരു ചിന്താഗതിയിലേക്ക് തിരിച്ചു. ഈ അജ്ഞതയും ആലസ്യവും അടിച്ചമർത്തപ്പെട്ടവരെ ഒരുതരം നിശബ്ദതയിലേക്ക് നയിക്കുന്നു എന്നവൻ കണ്ടെത്തി. അതിൽ നിന്ന് മോചനം നൽകുവാൻ വിദ്യാഭ്യാസത്തിന് മാത്രമേ കഴിയൂ എന്നവൻ മനസ്സിലാക്കി. വിദ്യാഭ്യാസ രംഗത്തെ ദീർഘകാലത്തെ പഠനവും ഗവേഷണങ്ങളും വിദ്യാഭ്യാസ മനശ്ശാസ്ത്ര പഠനശാഖയിലെ നൂതനും ക്രിയാക്തമകവുമായ സിദ്ധാന്തങ്ങളായി ജന്മമെടുത്തു. 'അടിച്ചമർത്തപ്പെട്ടവന്റെ അദ്ധ്യാപനശാസ്ത്രം' (Pedagogy of the Oppressed) ഈ തത്വസംഹിതകളുടെ സംയോജനമാണ്. വിദ്യാഭ്യാസത്തിന്റെ വിവിധതലങ്ങളെക്കുറിച്ചുള്ള ഫ്രയറേയുടെ വിശദീകരണങ്ങളിൽ ചിലത് മാത്രം താഴെക്കുറിക്കട്ടെ.

മാനവികതാരൂപീകരണമാണ് (Hunanization) ഫ്രയറെയെ സംബന്ധിച്ചിടത്തോളം മനുഷ്യന്റെ ഏറ്റവും വലിയ നിയോഗം. ഇതിനാവശ്യമായിരിക്കുന്നത് വിമോചനാത്മകമായ ഒരു വിദ്യാഭ്യാസ രീതിയാണ് (Liberation Education). രണ്ട് തരത്തിലുള്ള വിദ്യാഭ്യാസ രീതികളെക്കുറിച്ച് ഫ്രയറേ പ്രതിപാദിക്കുന്നു, നിക്ഷേപാത്മകമായ വിദ്യാഭ്യാസവും (Banking concept of Education) പ്രശ്നങ്ങൾ ഉന്നയിക്കുന്ന വിദ്യാഭ്യാസവും (Problem posing Education). ഇവ തമ്മിലുള്ള വ്യത്യാസങ്ങൾ വിപ്ലവകരമായ ചിന്തകളാണ് നിരത്തുന്നത്. നിക്ഷേപാത്മകമായ വിദ്യാഭ്യാസം അദ്ധ്യാപകന്റെ വിവരണങ്ങൾ ആസ്പദമാക്കിയിട്ടുള്ളതാണ്. വിവരിക്കപ്പെടുന്നത് മനഃപാഠമാക്കുവാൻ വിദ്യാർത്ഥികൾ നിർബ്ബന്ധിതരാകുന്നു. ഗുരുവിന്റെ അറിവ് വിദ്യാർത്ഥി

(ശേഷം മൂന്നാം പേജിൽ)


## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
5. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
6. വിശ്വാസി പബ്ളിക്കേഷൻസ്
7. മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

INDIAN CHRISTIAN MISSION
87, TENEMENT-II, RBTB HOSPITAL, KINGSWAY CAMP, DELHI-110009
Ph: (011)- 27658810, E-mail: icm4india@yahoo.com,
Website: www.indianchristianmission.com


*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*